നാളികേരളത്തിന്റെ വിലയിടിവ്

129 (5478) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിന്റെ വിലയിടിവ് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) പച്ചതേങ്ങ സംഭരണത്തിൽ പാളിച്ചകൾ ഉണ്ടോ ; നാളീകേരത്തിന്റെ വിലയിടിവിന് ഇത് എത്രത്തോളം ബാധിച്ചിട്ടുണ്ട് ;

(സി) എങ്കിൽ പച്ചതേങ്ങ സംഭരണം കാര്യക്ഷമമാക്കി കർഷകർക്ക് ന്യായ വില ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2015 ജൂൺ രണ്ടാം വാരം മുതൽ പച്ച നാളികേരത്തിന്റെ വിലയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും ജൂലൈ മൂന്നാംവാരം മുതൽ വില ഉയർന്നിട്ടുള്ളതായി കാണുന്നു.

(ബി&സി) നാളികേര കർഷകരെ വിലയിടിവിൽനിന്നും സംരക്ഷിക്കുന്നതിന് 1-1-2013 മുതൽ കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം കൃഷിഭവനുകൾ മുഖേന കർഷകരിൽ നിന്നും നേരിട്ട് പച്ചനാളികേരം സംഭരിച്ചുവരുന്നു. സംസ്ഥാനത്തെ 10 ജില്ലകളിലെ തെരഞ്ഞെടുത്ത 362 കൃഷിഭവനുകൾവഴി നടപ്പിലാക്കുന്ന സംഭരണ പദ്ധതി പ്രകാരം 5,51,000 ക്വിന്റൽ നാളികേരം സംഭരിച്ചതായി കേരഫെഡ് അറിയിച്ചിട്ടുണ്ട്. യാതൊരു പരാതികൾക്കും ഇടകൊടുക്കാതെ കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് പണം നൽകുന്നത്. കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഒരു കിലോഗ്രാം നാളികേരത്തിന് 25 രൂപയാണ് നിലവിലെ സംഭരണവില. ഇപ്പോഴത്തെ വിപണിവില കിലോഗ്രാമിന് 16 രൂപ മുതൽ 18 രൂപ വരെയാണ്. കൃഷിഭവനുകൾ മുഖേന സംഭരിക്കുന്ന നാളികേരം കേരഫെഡ് സംസ്കരിച്ച് കൊപ്രയാക്കി മാറ്റി വെളിച്ചെണ്ണ ഉൽപ്പാദനത്തിനായി ഉപയോഗിക്കുന്നു. നാളികേര കർഷകർക്ക് ആശ്വാസമായി നടപ്പിലാക്കിവരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതി ഊർജ്ജിത പ്പെടുത്തുന്നതിനും പദ്ധതി ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 24-4-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 70/2015/കൃഷി പ്രകാരം അനുമതി നൽകുകയും പ്രവർത്തനങ്ങൾ ഇടർന്നു വരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly